"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായി അരുവി മുറിച്ചുകടക്കവേ മരണപ്പെട്ട സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ് ആർ ന്റെ സഹോദരൻ ശ്രീ.നീരജ് ആർ ന് സഹകരണ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.10/2024/SWD                    തീയതി,തിരുവനന്തപുരം, 22-07-2024

പരാമർശം:-

1. 11.03.2020 ലെ സ.ഉ(പി) 02/2020/സൈ.ക്ഷേ.വ നമ്പർ ഉത്തരവ്.
2. 13.06.2024 ൽ സ.ഉ.(കൈ) നം.6/2024/സൈ.ക്ഷേ.വ നമ്പർ ഉത്തരവ്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 04.07.2024 ലെ RCS/6816/2024-EA(5) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൈനിക സേവനത്തിനിടെ08.07.2022 ന് ചത്തീസ്ഗഡിലെ സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായിരിക്കുമ്പോൾ അരുവി മുറിച്ചുകടക്കവേ ഒഴുക്കിൽപ്പെട്ട ടീം കമ്മാൻഡറെ രക്ഷിക്കുമ്പോൾ മരണപ്പെട്ട സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ് ആർ ന്റെ സഹോദരൻ നീരജ് ആർ ന് പരാമർശം (1 ) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം/ആലപ്പുഴ ജില്ലകളിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം (2 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൊല്ലം/ആലപ്പുഴ ജില്ലകളിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം (2) ൽ ഉത്തരവായിരുന്നു.

2. ശ്രീ.നീരജ് ആർ -ന് നിയമനം നൽകുന്നതിനായി സഹകരണ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് ലഭ്യമാണെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ സൈനികസേവനത്തിനിടെ 08.07.2022 ന് ചത്തീസ്ഗഡിലെ

സുക്മയിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിയുടെ ഭാഗമായിരിക്കുമ്പോൾ അരുവി മുറിച്ചുകടക്കവേ ഒഴുക്കിൽപ്പെട്ട ടീം കമ്മാൻഡറെ രക്ഷിക്കുമ്പോൾ മരണപ്പെട്ട സി.ആർ.പി.എഫ് കോൺസ്റ്റബിൾ സൂരജ് ആർ ന്റെ സഹോദരൻ ശ്രീ.നീരജ് ആർ, കോഴിക്കോടെന്റയത്തു തെക്കേപ്പുര, ഇരവിച്ചറ ഈസ്റ്റ്, ശൂരനാട് സൗത്ത് പി.ഒ, കൊല്ലം-690 522 ന് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, സഹകരണ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിയമനം നൽ കി ടിയാനെ ആലപ്പുഴ ജില്ലയിൽ സഹകരണ വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി സഹകരണ സംഘം രജിസ്ട്രാർ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകന് നിയമന ഉത്തരവ് നൽകിയ വിവരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.നീരജ് ആർ, കോഴിക്കോടെന്റയത്തു തെക്കേപ്പുര,ഇരവിച്ചറ ഈസ്റ്റ്, ശൂരനാട് സൗത്ത് പി.ഒ, കൊല്ലം-690 522 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. രജിസ്ട്രാർ,സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ,തിരുവനന്തപുരം. ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Jenshar B

Date: 22-07-2024 15:51:14